# ആനവാരി

## പദം പറയൽ

ലീലക്കും, ബാലചന്ദ്രനും, വേദസ്യർക്കും, കുഞ്ഞേപ്പിക്കും എനിക്കും എന്റെ സുമക്കും ഉടല് നില നിർത്തി ദുരിതം വെച്ച് മാറാൻ കഴിയുമെങ്കിലെന്ന് തോന്നിയിട്ടുണ്ടാവാം. കേവലം ദിനംപ്രതി ദുസ്വപ്നം കാണാതിരിക്കാനെങ്കിലും സ്വാതന്ത്ര്യം ഉള്ള ലോകത്ത് വാഴാൻ ആഗ്രഹിക്കുന്നവരാൽ നിറഞ്ഞിടം. തലേ ദിവസത്തെ കോലാഹലങ്ങൾ അവസാനിച്ച് കഴിഞ്ഞതാണ്. പിറ്റേന്ന് നേരം പകുതി തെളിഞ്ഞ് നിൽക്കുമ്പോൾ പുതിയ സംഭവവികാസങ്ങൾ ഉടലെടുത്തു. ആളുകൾക്ക് മാറ്റം സംഭവിച്ചിരുന്നു. പരസ്പരം തങ്ങളെ അടിമുടി നോക്കി. കഥ തുടങ്ങുന്നതിന് മുമ്പ് രാജീവൻ ചായ കുടിച്ച് മടങ്ങി. അയാളുടെ ചകിരിനാരു പോലെ അലസമായ മുടി കാറ്റിൽ വിതറി വീഴുന്നു. ബാലചന്ദ്രന്റെ ദുർമരണം അയാളെ ഏതു തരത്തിലായിരിക്കും സ്വാധീനിച്ചത്.? അയാളുടെ വംശബോധം ഉടലെടുക്കുമെന്ന് ചിന്തിച്ചുവോ?.. ബാലചന്ദ്രന്റെ കൊലപാതകത്തിൽ പലതരം ചോദ്യങ്ങളും അവശേഷിപ്പിച്ച വാർത്ത ആളുകൾക്കിടയിലേക്ക് ഞരങ്ങി നീങ്ങി. മരണം ആളുകൾക്കിടയിൽ ആശങ്ക സൃഷ്ടിച്ചു. അന്ന് വെണ്ണൂത്തി കവലയിലെ ചായക്കടയിൽ ചൂട് ചായക്കൊപ്പം വേദസ്യാർ ബാലചന്ദ്രന്റെചാവിൽ എള്ള് തടവി വിളമ്പി. കട്ടൻ ചായയുടെ പകുതിയോളം തീർന്ന ഗ്ലാസ്സിന്റെ ചുവട്ടിൽ തല കുമ്പിട്ടിരുന്ന കുഞ്ഞേപ്പിയോട് വേദസ്യാർ വായിലെ മുറുക്കാന്റെ നീര് വലിച്ച് സ്വരം കടുപ്പിച്ച് പറഞ്ഞു. "വാർത്തയെങ്ങാനു ണ്ടോന്ന് നോക്ക് കുഞ്ഞേപ്പി" നീളാൻ താടിയിലൂന്നി പത്രത്തിന്റെ എട്ടാം പേജിലേക്ക് പരതി റെയിഞ്ചർ മോഹനനെ കുത്തിയ വാർത്തയുണ്ടെന്ന് പറയുമ്പോൾ ബാലചന്ദ്രൻ തന്നെയല്ലേ മരിച്ചതെന്ന് വരത്തനായ കുരങ്ങപൊഴിച്ചാടി യശോധരൻ സംശയം പ്രകടിപ്പിച്ചു. കാടിന്റെ ഉള്ളിൽ നിന്ന് പുറത്തേക്ക് അധികം ബന്ധങ്ങളില്ലാത്ത ബാലചന്ദ്രൻ കൊല്ലപ്പെട്ടത് പലർക്കും വിശ്വസിക്കാൻ പ്രയാസം തോന്നി. ദേ മണി ഇരിക്കുവല്ലേ ചോദിക്കെന്ന് പറഞ്ഞു കൊണ്ട് വേദസ്യാർ മോറ് മുന്നോട്ട് കുത്തി. മണി ഒള്ളതെന്ന് തലയാട്ടി. വളവിൽ വിശി കയറിയ കയറ്റത്തിൽ കാറ്റിനൊപ്പം കിതച്ചുകൊണ്ട് വെണ്ണൂത്തി കവലയിലേക്ക് ജീപ്പിന്റെ പുകക്കുഴൽ വിറച്ച് നിന്നു. ആരുടെയോ വരവ് പ്രതീക്ഷിക്കുന്നതു പോലെ ചായക്കടയിലെ കണ്ണുകൾ ഒന്നാകെ ജീപ്പിന്റെ പിന്നിലേക്ക് നീണ്ടു. റോഡിന് വലത് വശത്ത് കൊത്തിപ്പെറുക്കിയ രണ്ട് കരിയില കിളികൾ പറന്നുപോയി. നാല് ആളുകൾ പിന്നിൽ നിന്നിറങ്ങി. അവർ ആരയോ തിരയുന്ന പോലെ വേദസ്യരുടെ മുഖത്തേക്ക് നോക്കി. അടുപ്പിൽ പെറ്റ പൂച്ചയെപ്പോലെ വേദസ്യാർ സമോവറിന്റെ ചുവട്ടിലേക്ക് ദേഹം കുടഞ്ഞ് ചുരണ്ടു. നാൽവർ സംഘം വന്ന വഴി പടിഞ്ഞാറോട്ട് നടത്തം തുടങ്ങി. വീശിയടിച്ചൊരു കാറ്റ് ഒന്നാമന്റെ മീശ വിറപ്പിച്ച് വേദസ്യാരുടെ സമോവറിന്റെ ചുവട്ടിലേക്ക് വീണു. കുഞ്ഞേപ്പി പത്രത്തിൽ നിന്ന് കണ്ണെടുക്കാതിരുന്നു. നാലുപേര് പോയതിന് പിന്നാലെ കൈയ്യിലിരുന്ന ലോട്ടറി കെട്ടെടുത്ത് പിന്നാലെ നടന്നു. മരണവീട്ടിൽ ലോട്ടറിയടിച്ചാൽ അതൊരു വാർത്തയാണ്. പിറ്റേന്നത്തെ പത്രത്തിൽ തന്റെ ചിത്രത്തിനൊപ്പമുള്ള പലതരം വാർത്തയുടെ തലക്കെട്ട് ചിന്തിച്ച് മുന്നോട്ട് യാത്ര തുടർന്നു. മുന്നിലുള്ള നാൽവർ സംഘം തിരിഞ്ഞ് പോലും നോക്കാതെ നടന്ന് അകലുന്നു. നീര് വീർത്ത കാലും വലിച്ച് നടന്നെത്തു മ്പോഴേക്കും ചത്തവൻ അടുപ്പിൽ കയറിയിട്ടുണ്ടാവും. എവിടുന്നോ വന്നൊരു മൂളിപ്പാട്ട് പാടി കുഞ്ഞേപ്പി യാത്ര തുടർന്നു.

## യുദ്ധം

കുപ്പായത്തിന് മുകളിലെ പൂവുകളെ ഞെരുക്കി പാടുകൾ വീഴ്ത്തി പല ആവർത്തി [1] മെർക്കാവോ - 4 കയറി ഇറങ്ങി. കൈ തെന്നി കുപ്പായത്തിന് മുകളിൽ നിന്ന് സാവധാനം നിരങ്ങി മണ്ണിലേക്ക് വീഴുന്നത് വരെ രാജീവൻ നോക്കി നിന്നു. വാഴക്കൂമ്പ് പോലുള്ള അയാളുടെ മുഖത്ത് അപ്പനപ്പൂപ്പൻമാരായി കൈമാറിയ വരണ്ടുണങ്ങിയ ചർമ്മത്തിലെ കണ്ണിന് താഴെയുള്ള മറുകിൽ ചൊറിഞ്ഞു. രണ്ട് മൂന്ന് രോമം

നഖങ്ങൾക്കിടയിലൂടെ ഞെരുങ്ങി പുറത്തേക്ക് വന്നു. സംശയത്തിന്റെ തുന്നലുകൾ പൊട്ടി മറുവശത്തേക്ക് ഏന്തി നോക്കി. ചെറു കല്ലുകൾ തറച്ച് നനസോപ്പ് താഴെ തന്നെ കിടപ്പുണ്ട്. സോപ്പുരച്ച കല്ലിൽ തന്നെ തുണി കുത്തിപ്പിഴിഞ്ഞു. വെയിൽ വരുന്നതിനും ആറുന്നതിനും ദീർഘമായ സമയമെടുക്കുന്നു. സമയത്തിന്റെ വ്യാപ്തി പൈപ്പിൽ നിന്ന് വീഴുന്ന വെള്ളം കൊണ്ട് അളന്നു നോക്കി. തുള്ളിയെത്രേ? വെയിലിന്റെ കനം എത്രേ?. പത തിരമാല പോലെ നുരഞ്ഞ് കല്ലിന്റെ മുകളിലൂടെ മണ്ണിലേക്ക് തെറിച്ച് സാവധാനം ഒഴുകി. ആകാശത്ത് * [2]മാർട്ടിൻ F-35 യുദ്ധവിമാനം മേഘ പാളികളിൽ തട്ടി ഉരഞ്ഞ് നീങ്ങുന്നതിന്റെ കമ്പനം കുപ്പായത്തിന്റെ കുടുക്കുകളിൽ അനുഭവപ്പെട്ടു. സോപ്പിൻ പതയ്ക്ക് മുന്നിലൂടെ നൂണ്ട് നീങ്ങിയ മണ്ണിരയുടെ മുലപ്പൊക്കത്തോളം ഉയർന്നപതയിൽ പുതിയ കുമിളകൾ ഉണ്ടാവുകയും ചിലത് പൊട്ടി പോകുകയും ചെയ്തു. രാജീവൻ കം ഫേർട്ടിൽ തുണി മുക്കി അയയിലേക്ക് വിരിച്ചു. നിറയെ ചെറുപൂക്കൾ തുന്നിയ തുണി അയിൽ വെയിലിന്റെ വിസരണത്തിൽ ധൂളി പടർത്തി. കാക്കകൾ കൊമ്പുകളിൽ തലചരിച്ച് ശബ്ദമുണ്ടാക്കാതെ മനോമയിൽ ഇരുന്നു. എന്തോ സംഭവിക്കാൻ പോകുന്നു എന്ന തോന്നൽ രാജീവനിൽ ഭിതി പടരുന്നതിനിടയിൽ കെട്ടിക്കിടന്ന സോപ്പുവെള്ളത്തിൽ * [3]മാഡ്യൂസിൽ നിന്ന് തൊടുത്തപെല്ലറ്റുകൾ വന്നുപതിച്ചു. മണ്ണിനടിയിൽ നിന്ന് ജലത്തിന് മുകളിലേക്ക് മണൽപാറ്റ ചത്ത് പൊന്തി. *4 നിറ്റ്സാച്ചോൺ സാർ 6 ക്ലാസ് കോർവെറ്റിന്റെ ചലനം കൊണ്ട് മണൽ പാറ്റയുടെ കാലുകൾ ഇളകി, ചിറകുകൾ മുങ്ങി അവയുടെ ഇടത്തേ കൊമ്പിൽതറച്ച പെല്ലറ്റിന് ചുറ്റുമുള്ള വിടവിലുടെ ഒരു കടിയനുറമ്പ് മറുപുറം കടക്കാൻ ശ്രമിക്കുന്നു. ഒരാന വലത്തേകൊമ്പിലൂടെ പതുക്കെ തെന്നിയിറങ്ങി. ത്രികോണാകൃതിയിലുള്ള ഒരുകഷ്ണം *[5] വത്തക്ക ചുയറ്റി വായിലേക്കിട്ട് നടുവിൽ നിന്ന് ചിഹനം വിളിച്ച് വാലാട്ടി. ചൂല് പോലുള്ള തുമ്പ് തട്ടി ഉറുമ്പ് വെള്ളത്തിലേക്ക് മുങ്ങിതാന്നു. മുക്ക് മേഘങ്ങൾക്കിടയിലേക്ക് കടത്തി പഞ്ഞി പോലൊരു മേഘത്തെ ചുരണ്ടിയെടുത്ത് കൊമ്പിൽ വെച്ച് തലകുടഞ്ഞ് ചിന്നം വിളിച്ചു. മേഘത്തിന്റെ നാരുതിണർന്ന പിണ്ഡം മണൽ പാറ്റേടെ കൊമ്പിലുരഞ്ഞ് വെള്ളത്തിലേക്ക് വീണു. തിരയിൽ ഉറുമ്പ് കര തൊട്ടു. ആന മുതുകെല്ലിൽ ഇരുട്ടിനെ കെട്ടിവെച്ച് രണ്ടേക്കറിലേക്ക് കയറി വാഴയുടെ നടു ഒടിച്ച് തായ് തണ്ട് കുത്തിമറിച്ചു, ആനയുടെ കൊമ്പിൽ കിടന്ന് വാഴയും കവുങ്ങും പിടഞ്ഞ് മണ്ണിലേക്ക് വീണു. ടോർച്ചിന്റെ വലിപ്പം വെക്കാത്ത വെളിച്ചം ആനയ്ക്ക് പിന്നലെ പായുന്നു. ഇഞ്ചി കൃഷി ചവിട്ടിമെതിച്ച് ചേന മൂടോടെ പറിച്ചെറിഞ്ഞു. കരിയിലക്ക് മുകളിൽ മണൽ പെയ്യുന്നതിന്റെ ഒച്ച ചെടികളുടെ ഇലയിൽ തറച്ചു. രാജീവൻ കിതച്ച് കൊന്നപ്പത്തലിന്റെ വേലിപ്പടർപ്പിലേക്ക് വീണു. ചുമന്ന് നടന്നിരുന്ന മുട്ട രാജീവന്റെ വിരലമർന്ന് മണ്ണിലേക്ക് ആഴ്ന്ന് പോകുന്നത് കണ്ട് വീഴ്ചയിൽ രണ്ട് കാലുകൾ ഒടിഞ്ഞ് തൂങ്ങിയ അമ്മ ചിലന്തി കൊന്ന പത്തലിന്റെ ഇലയിൽ നിന്നിറങ്ങി. വിഷമിറക്കാൻ രാജീവന് പിന്നാലെ മുടന്തി അടുത്തപ്പോഴേക്കും അയാൾ എഴുന്നേറ്റ് വീടിന്റെ വാതിൽ ലക്ഷ്യമാക്കി പാഞ്ഞു. ചെറുപ്രാണികൾ ബൾബിൽ വന്നിടിച്ച് വീഴുന്നതിന്റെ ഒച്ച അലോസരപ്പെടുത്തുമ്പോഴും അയാൾ ഉറക്കെ ഒച്ചയുണ്ടാക്കി. സുമേ...ന്നുള്ള വിളി പലപ്പോഴും കിതപ്പിൽ സു....... എത്തി നേർത്ത് പോയി. വാതിലിൽ തട്ടി ശബ്ദത്തോടെ വിളിച്ചു. വാതിലിനോട് ചേർന്ന് രജീവന്റെ കിതപ്പിന്റെ ചൂടിൽ പലകയിൽ ഈർപ്പം തട്ടി. നെറ്റിയിൽ നിന്ന് വിയർപ്പിന്റെ നനവ് കതകിൽ ഗാസയെമാത്രം ഉതകിയ അവ്യക്തമായ മാഞ്ഞുപോയ പാലസ്തീന്റെ ഭൂപടം രൂപം കൊണ്ടു. "കൊച്ചുങ്ങളെ എടുക്ക് ആന ഇറങ്ങി." അകത്ത് സുമയുടെ ശബ്ദം മുറികളിൽ കയറി ഇറങ്ങി പുറത്തേക്ക് അവ്യക്തമായ ശബ്ദം മാത്രമായി പരണമിച്ചു, "നീ കൊച്ചുങ്ങളെയും എടുത്തിറങ്ങ്" കുഞ്ഞുങ്ങളെ ഉണർത്തി സുമ വീടിന് പുറത്തേക്ക് ഇറങ്ങി. സുമയുടെ ചെവിടിൽ നിന്നും ചന്ദ്രന്റെ വെളിച്ചം പോലെ രണ്ട് മുടിയിഴകൾ തൂങ്ങി. "രാജന്റെ വീട് മൊത്തം പൊളിച്ചു, നാലഞ്ചണ്ണം ഉണ്ട് " ആനയുടെ അലർച്ചയും ആളുകളുടെ ഒച്ചയും ഇടയ്ക്ക് പൊട്ടുന്ന ഓലപ്പടക്കവും ഇരുട്ടിന്റെ ഭീകരതയിൽ ഏറ്റക്കുറച്ചിൽ തോന്നി. രാജീവൻ ശബ്ദമുണ്ടാക്കരുതെന്ന് ആഗ്യംകാട്ടി. ശബ്ദം കേൾക്കുന്ന ദിക്കിൽ പൊടുന്നനെ ആക്രമിക്കാൻ ആനയ്ക്ക് കഴിയും. രാജീവൻ കൈയ്യിലിരുന്ന വെളിച്ചം ദൂരേക്ക് തെളിച്ച് ജാഗ്രതയോടെ മുന്നോട്ട് നടന്നു. ഏലയ്ക്കാ ചെടിയിൽ പതിക്കുന്ന കാറ്റിന്റെ ചെറിയ മൂളക്കം മാത്രം. കുറച്ച് ദൂരെ മാറി പനയുടെ നടുവ് ഒടിയുന്ന ശബ്ദ്ദം. അവർ മുകളിലേക്ക് നോക്കി ആകാശത്തിന്റെ തേജോവലയത്തിൽ സർപ്പകളത്തിലെ ഇരുട്ടിന്റെ

നിഴലിൽ മുടിയഴിച്ചാടിയ പന മുടിപറിച്ച് മണ്ണിലേക്ക് മറിയുന്നു. രാജീവന്റെ ചെവിക്കുടയ്ക്ക് മുകളിലേക്ക് സുമയുടെ ചുണ്ട് ചലിച്ചു. "വേഗം പോകാം ആന മണം പിടിച്ചെത്തും." ഇതിലേ പോകാം രാജീവൻ ഏലയ്ക്ക ചെടികൾക്കിടയിലേക്ക് വിരൽ ചൂണ്ടി. ചെടികൾക്കിടയിലേക്ക് മൂന്ന്പേരും കടന്നതും കാൽപ്പെരുമാറ്റത്തിന്റെ കനംകൂടി പെട്ടെന്ന് പതുക്കെ എന്ന് ആംഗ്യംകാട്ടി. മുന്നോട്ട് നീങ്ങുന്തോറും ഇരുട്ടിന്റെ ചവർപ്പിനിടയിൽ ആനച്ചൂരിൽ മരിച്ച് വീഴാൻ ഭയന്നവർ പൊടുന്നനയുള്ള ഇല അനക്കത്തിൽ ഏലയ്ക്ക *[6]ചിമ്പിനിട യിലൂടെ ഇഴഞ്ഞ് നീങ്ങി. മൂക്കിലേക്ക് വന്ന് കുത്തുന്ന എല്ലുപൊടിയുടെ ഗന്ധം മനം മടുപ്പിച്ചു. അരക്ഷിതരായ മനുഷ്യർ സുരക്ഷിതത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ അവർ ഒരേ സമയം ചെറുത്ത്നിൽക്കേണ്ടിവരുന്നത് മൃഗങ്ങളോടും, സർക്കാരിനോടുമാണ്. ദേശത്തിന് വേണ്ടിയുള്ള സമരം രക്തരൂക്ഷിതമായ ചെറുത്ത് നിൽപ്പുകളായിമാറിയതെന്തും അധികാര കോലുകൊണ്ട് അടിച്ചമർത്തിയ ചരിത്രം മാത്രമേയുള്ളു. കൂട്ടമായിടത്തേക്ക് എത്തിപ്പെടുമ്പോൾ താടിയിൽ വിരലുകളൂന്നി ലീലടെ ഇരുപ്പിൽ കൂടിനിൽക്കുന്നവരുടെ മുഖം ഭയം കൊണ്ടും, നഷ്ടബോധം കൊണ്ടും ദീർഘമായിരുന്നു. ലീലയുടെ ഭർത്താവ് വർഷങ്ങൾക്ക് മുമ്പേ വേട്ടയ്ക്ക് എന്ന് പറഞ്ഞ് കാട് കയറിയതാണ്. ഒരു മകൻ നാട് വിട്ടു രാണ്ടാമത്തെ ഒന്ന് കഞ്ചാവോ മരുന്നോ വലിച്ച് ഏതേലും പൊന്തയ്ക്കുള്ളിൽ ചുരുണ്ടിട്ടുണ്ടാവും. പഞ്ചായത്ത് അനുവദിച്ച കാക്കകൂട് പോലൊന്നാണ് തകർന്നിരിക്കുന്നത്. തൊഴിലുറപ്പീന്നും അല്ലറ ചില്ലറ പണിയെടുത്ത് അരമുണ്ട് മുറുക്കിഉടുത്ത വിയർപ്പിലാണ് കഴിഞ്ഞ മാസം ചുമര് മിനുക്കുകയും മേയുകയും ചെയ്യ്തത്. ആഴ്ന്ന് പോകുമ്പോഴും എവിടെയെങ്കിൽ ഒരു നാരിലെങ്കിലും പ്രതീക്ഷ നൽകു കയും വീണ്ടും ആഴങ്ങളിലേക്ക് പോകുകയും ചെയ്യുന്നതായി ലീലക്ക് തോന്നിയിരിക്കണം. വിധിക്ക് വിധേയമാകുന്ന നിസ്സാഹായമായ കണ്ണുകളെ നേരിടുക എന്നത് പുഴ ഈർക്കിലിയുടെ കനത്തിൽ തുലാം കടക്കുന്ന കടമ്പപോലെ രാജീവനും അവിടെ കൂടി നിന്ന മനുഷ്യർക്കും തോന്നി.

## ചെറുത്ത് നിൽപ്പ്

നീല ടാർപ്പയ്ക്കടിയിൽ നിന്ന് വെയിലിന്റെ നീലിച്ച നിറം രാജീവിന്റെ പെടലി വഴി താഴേക്ക് ഊർന്നു. താലത്തിന്റെ കിഴിയിൽ തിരി തീർന്ന് നാളികേരം കത്തുന്നതിന്റെ മണം ആളുകളെ ശ്വാസംമുട്ടിച്ചു. തലേ ദിവസത്തെ ഓർമ്മകൾ ടാർപ്പയുടെ അടിയിൽക്കിടന്നുലഞ്ഞു. DFOയുടെ ഓഫീസിലേക്ക് മാർച്ച് ചെയ്യാമെന്ന് തീരുമാനിച്ചുറപ്പിച്ച് ആളുകൾ മുന്നോട്ട് വന്നു. ജാഥ DFO ഓഫീസിന്റെ മുന്നിലേക്ക് നീണ്ടു. നീലയും ചുവപ്പിനും ഇടയിലുള്ള വെളുപ്പിൽ തോക്ക് ആലേഖനം ചെയ്യ്ത സേവ് പീപ്പിൾ വിത്ത് ആനിമൽ ഫോറത്തിന്റെ കൊടി ആന വാരിയിൽ വളഞ്ഞ് താഴേക്ക് തുടിഞ്ഞ് കിടന്നു. മുന്നറിയിപ്പില്ലാതെ വളവ് തിരിഞ്ഞ് ചരുവിന് മുകളിലെ ഓഫീസിസിലേക്ക് വരുന്ന ജനത്തെ കണ്ട് ഫോറസ്റ്റുകാർ പെട്ടന്ന് ഗെയിറ്റിന് മുന്നിലേക്ക് ലാത്തിയും കൈയ്യിലെ ആയുധവുമായി മാർഗ്ഗതടസ്സം സൃഷ്ടിച്ചു. ചിന്തകൾ മുറിഞ്ഞ് പോകാതെ രാജീവൻ ഓർത്തെടുക്കാൻ ശ്രമിച്ചു കൊണ്ടിരുന്നു. പല ഭാഗത്തും ചിന്തപൂർണ്ണമായി എത്താത്തതു പോലെ തോന്നി. കൂടുതൽ കൂടുതൽ ഓർമ്മകളിലേക്ക് പോകാൻ ശ്രമിച്ചു. റെയിഞ്ചർ പിരിഞ്ഞ് പോകാനും തുടർന്ന് ചർച്ചയിലൂടെ പരിഹരിക്കുമെന്ന പ്രസ്താവന വന്നു. ഭയമുള്ളവർക്ക് ബാധകമല്ലത്തതിനാൽ റെയിഞ്ചർ മോഹനനുമായി തർക്കത്തിൽ തുടങ്ങി. "ഞങ്ങൾക്ക് ജീവിക്കണ്ടേ സാറേ? മനസമാധാനത്തോടെ എങ്ങനെ ഉറങ്ങും?" "നോക്ക് സാറേ ആന ഇന്നലെ നശിപ്പിച്ചത് നാല് വീടുകളാണ്, എത്ര ഏക്കർ കൃഷി പോയി ആരാണ് ഇതിന് സമാധാനം പറയുക. "ശ്രീധരൻ പറഞ്ഞ് തീരുമ്പോഴേക്കും ബാലചന്ദ്രൻ അതിലേക്ക് ബോധപൂർവ്വം ഇടപെടുക യാണ് ചെയ്യ്തത്. നിങ്ങൾക്ക് ഒന്നും ചെയ്യാൻ പറ്റില്ലേൽ പറ. "തോക്ക് ഇരിപ്പുണ്ട് വെടിവെച്ച് മലർത്താം "ബാലചന്ദ്രൻ റെയിഞ്ചറുടെ നേർക്ക് പറഞ്ഞു തീരുമ്പോഴേക്കും റെയിഞ്ചർ ബാലചന്ദ്രന്റെ നെഞ്ചിൽ അമർത്തി തള്ളി. "ബാലചന്ദ്രൻ പിന്നിലേക്ക് വീണു. വീഴ്ചയിൽ ബാലചന്ദ്രന്റെ നഷ്ടമായ വിരലുകൾ തിട്ടപ്പെട്ടുത്തിയ മോഹനൻ കൂടുതൽ വ്യക്തതയോടെ പറഞ്ഞു. "നിന്നെപ്പോലെ കൊണച്ച വൻമാർക് കേറി വെടി പൊട്ടിക്കാനല്ല സർക്കാര് ശമ്പളവും യൂണിഫോമും തന്ന് അയച്ചേക്കുന്നത്, എന്ത് വേണമെന്ന് എനിക്കറിയാം നിന്റെയൊന്നും ഒരു മയിരും വേണ്ടാ. എഴുന്നേൽക്കട പെലയാടി മോനെ."

ഷർട്ടിൽ വലിച്ച് ഉയർത്തിയതും ബാലചന്ദ്രൻ കൊടി കെട്ടിയ ആനവാരി റെയിഞ്ചറുടെ ഇടത്തേ നെഞ്ചിലേക്ക് കുത്തിയിറക്കി. ഇടത്തേ നെഞ്ചിൽ തുളഞ്ഞ് കയറി മാംസവും കരളും പകുത്ത് വലത്തേക്ക് സഞ്ചരിച്ചു. കൊടിയിൽശേഷിച്ച വെള്ളനിറത്തിലേക്ക് രക്തം നൂലിഴകളെ നനച്ചിറങ്ങി നീലയിൽ രക്തം വീണ് കറുപ്പ് പിടിച്ചു. പോലീസും ചെറു സംഘങ്ങളായി വന്നു തുടങ്ങി. തുടർന്നുള്ള നേരങ്ങളിൽ അടികൊണ്ട് പലരും വീണു, പലരുടെയും തല തകർന്നു. തുടർച്ചയായി ആളുകൾക്കി ടയിൽ ഗ്രനേഡും, തോക്കും പൊട്ടി. ചോരയിൽ കുളിച്ച മനുഷ്യർ. ബസ്സിൽ പലരെയും വലിച്ചിട്ട് കൊണ്ടുപോയി ചിലർ ഓടിയൊളിച്ചു. പിറ്റേന്ന് ബാലചന്ദ്രനെ കിട്ടുന്നത് തെയ്യാരപ്പത്ത് കവലയ്ക്ക് അരികിലെ ഏലക്കാത്തോട്ടത്തിൽ കമിഴ്ന്ന് കിടക്കുന്നതാണ്. ആന മൂത്രത്തിന്റെ മണം മൂക്കിന്റെ തുമ്പിലേക്ക് വന്ന് തട്ടി ..ചോര കുതിർന്ന ബാലചന്ദ്രന്റെ കൈയ്യിൽ നിന്ന് കുതറിയ *[7]കരിങ്കാ ചോര പൊടിച്ച് കിടക്കുന്നു. കീറി വീണ ഇലയ്ക്കു കുറുകേ ബാലചന്ദ്രന്റെ വിരല് തേയാത്ത ചെരിപ്പ് വള്ളിപൊട്ടി ഏലയ്ക്കാത്തോട്ടത്തിലേക്ക് ചരിഞ്ഞുകിടന്നു. തീ ആകാശത്തോളം കത്തി അമരുന്നു. ഓർമ്മകൾ കുഴിബോംബ് പോലെ ചിതറി. ശ്രീലങ്കയിലെ ഉവാ പ്രവിശ്യയിലെ മൊണരാഗ ജില്ലയിലെ വെല്ലവായിലെ കുമാരദാസ മഹാവിദ്യാലയത്തിലെ വിദ്യാർത്ഥിയിരുന്നു ബാലചന്ദ്രൻ. 1983 ജൂലൈ ഇരുപത്തിയഞ്ചിലെ പകലിനെ ഓർക്കുന്നത് ഇങ്ങനെയാണ്. അന്ന് രാവിലെ പ്രിൻസിപ്പൽ തമിഴ് മീഡിയം ക്ലാസ്സുകളിൽ വന്ന് സ്കൂൾ അടച്ചുപൂട്ടുകയാണെന്ന് വിവേകപൂർണ്ണമായി അറിയിച്ചു. അവർ ഞങ്ങളുടെ മുഖത്തേക്ക് ഒന്നാകെ നോക്കി. അടച്ചുപൂട്ടാനുള്ള കാരണം ആരും ചോദിച്ചില്ല. എന്തോ സംഭവിക്കാൻ പോകുന്നു എന്ന് മാത്രം മനസ്സിലായി. കുടിയേറിയ തമിഴർക്ക് ചാവുനിലം ഒരുങ്ങിത്തുടങ്ങിയിരുന്നു. പെൺകുട്ടികളോട് അവരുടെ 'പൊട്ടുകൾ' അഴിച്ച് വീട്ടിലേക്ക് പോകാനും അവർ ഉപദേശിച്ചു. ബസുകൾ ഓടുകയും, തമിഴ് കടകൾ പതിവുപോലെ തുറന്നിരുന്നു. എന്നാൽ 26 ന് കടകളെല്ലാം അഗ്നിക്കിരയായി അതിനുള്ളിൽ ദിനംപ്രതി കണ്ട് മടങ്ങിയവരുടെ പാതി കരിഞ്ഞ ശരീരങ്ങൾ. വിദ്യാഭ്യാസവും - ജീവിതവും നിലച്ച അവസരത്തിൽ ബാലചന്ദ്രൻ തമിഴ് ഈഴവുമായി അടുത്തു. തുടർന്ന് ഈഴത്തിന്റെ ഭാഗമായി. രാജീവന്റെ ഓർമ്മകൾ കുത്തിപ്പഴുത്തു. ശ്രീലങ്കൻ പ്രസിഡന്റ് ചന്ദ്രിക കുമാരതുംഗയെ വധിക്കാ നുള്ള സൂത്രധാരൻ ബാലചന്ദ്രനായിരുന്നു. അതേ വർഷം ഡിസംബറിൽ കൊളംബോ ട ൺ ഹാൾ പരിസരത്ത് നടന്ന തിരഞ്ഞെടുപ്പ് റാലിയിൽ നടത്തിയ ഓപ്പറേഷനിൽ ബാലചന്ദ്രന്റെ ഇടത് കൈയ്യുടെചൂണ്ട് വിരലും നടുവിരലും നഷ്ടമായി. അതിന് ശേഷം ബാലചന്ദ്രനെ ബ്ലാക്ക് ടൈഗർ ക്യാപ്റ്റൻ ജയന്തൻ സ്പെഷ്യൽ റെജിമെന്റിലെ പരിശീലവിഭാഗത്തിലേക്ക് നിയോഗിക്കപ്പെട്ടു. ബാലചന്ദ്രൻ തോക്കിന്റെ ട്രിഗർ വലിക്കാൻ നന്നേ പാടുപെട്ടിരുന്നു. LTTEയിലേക്ക് റിക്രൂട്ട് ചെയ്യുന്ന ജയന്തൻ സ്പെഷ്യൽ റെജിമെന്റെ പരിശീലനത്തിൽ ലങ്കയുടെ ഭൂപടത്തിന്റെ അതിർത്തികൾ തള്ളവിരലും മോതിരവിരലും അമർത്തികാട്ടി സംസാരിക്കുമ്പോൾ തമിഴ് വെറി അയാളുടെ കണ്ണുകളിൽ കത്തും. പൂട്ടിയിറങ്ങിയ ക്ലാസ്സ് മുറിയുടെ താക്കോലുകൾ തമ്മിൽ ഉരയുന്ന ശബ്ദം അയാളുടെ ചുണ്ടുകൾക്കിടയിൽ കുടുങ്ങും. രാജീവ് ഗന്ധി വധത്തോടെ ലോക രാജ്യങ്ങളിൽ നിന്ന് ലഭിച്ചിരുന്ന സഹായങ്ങൾ നിലച്ചു. 2004 ലെ സുനാമിയുടെ വിനാശകരമായ ആഘാതം കൂടുതൽ തമിഴ് പ്രദേശങ്ങളിലായിരുന്നു. തങ്ങളുടെ വടക്കും കിഴക്കും സൈനിക സംവിധാനങ്ങൾ മുഴുവനായി തകർന്നു. മുല്ലത്തീവിലെ പ്രധാന നാവിക താവളവും കപ്പലുകളും നശിച്ചു. നാവിക താവളം മൃതദേഹങ്ങൾ കൊണ്ട് ശ്മശാനം പോലെയായി. ഈച്ചകൾ അരിച്ച് തുടങ്ങിയ ശരീരങ്ങൾ കിലോമീറ്ററുകളോളം ദുർഗ്ഗന്ധം നിറഞ്ഞപ്പോൾ കൂട്ടിയിട്ട് തീ കൊടുത്തു. അന്താരാഷ്ട്ര മാധ്യമങ്ങൾ തങ്ങളുടെ പ്രവർത്തിയെ മനുഷത്വമില്ലായ്മയുടെ പ്രഭവകേന്ദ്രം പ്രഭാകരനെന്ന് വിശേഷിപ്പിച്ചു. ദുർബലമായിത്തുടങ്ങിയ തങ്ങൾക്കെതിരെ സൈന്യം കരുനീക്കം ആരംഭിച്ചിരുന്നു.

## തകർച്ച

2007ൽ അവസാനം തൊപ്പിഗാലയിലേക്ക് തന്ത്ര പ്രധാനമായ നീക്കത്തിലൂടെ സൈന്യം മുന്നേറി. നോൺ ഫയർ സോണിലേക്ക് വന്നവരെയെല്ലാം കൊന്നുതള്ളി. തൊപ്പിഗാല വീണെന്ന് അറിഞ്ഞപ്പോൾ

തങ്ങൾക്ക് ആത്മവിശ്വാസം നഷ്ടമായിത്തുടങ്ങി. പലരും മരണമുഖത്തേക്കാണ് യാത്ര എന്ന് ഉറപ്പായി. എന്നാലു മരണം വരെ പോരാടുക എന്നതായിരുന്നു തീരുമാനം. മറ്റ് രാജ്യങ്ങളിൽ നിന്നുള്ള സഹായം മുഴുവനായി നിന്നതുകൊണ്ട് തിരകളുടെ ക്ഷാമം രൂക്ഷമായി. സൈന്യം മാവിലാറിന്റെ നിയന്ത്രണം പിടിച്ചെടുത്തു. സംപൂർ, ബട്ടിക്കലോവ, തുടങ്ങിയ ശക്തികേന്ദ്രങ്ങളിൽ തങ്ങൾക്കുണ്ടായ നിയന്ത്രണം നഷ്ടമായി. അവസാന ഘട്ടത്തിൽ പലാലി സൈനിക കേന്ദ്രത്തിൽ നടത്തിയ ആക്രമണമൊഴിച്ചാൽ കാര്യമായ തിരിച്ചടികളൊന്നു നൽകാനായില്ല. ഭക്ഷണക്ഷാമം കൂടി നേരിട്ടു. കടുത്ത ആരോഗ്യ പ്രശ്നങ്ങളിലും, അരപ്പട്ടിണിയിലും യുദ്ധം നയിച്ചു. 2008 സെപ്റ്റംബർ ശ്രീലങ്കൻ സൈന്യം തങ്ങളുടെ പ്രവർത്തന കേന്ദ്രമായ മല്ലാവി പട്ടണം പിടിച്ചെടുക്കുന്നതിന് ഏതാനും ദിവസം മുമ്പ് അവസാന ശ്വാസംവരെ ഈഴം എന്ന സ്വപ്നം നെഞ്ചിലേറ്റി ചെറുക്കുക ഇല്ലേൽ ആത്മഹത്യയെന്ന് അണ്ണന്റെ ഉത്തരവ് വന്നിരുന്നു. എന്നാൽ താനും ബാലചന്ദ്രനടങ്ങുന്ന കുറച്ചാളുകൾ കീഴടങ്ങാനും മരിക്കാനും തയ്യാറല്ലായിരുന്നു. പല തവണ ഒളിത്താവളമായിരുന്ന തമിഴ്നാട്ടിലേക്ക് തന്ത്രപൂർവ്വം പിൻവാങ്ങാനായിരുന്നു തീരുമാനം ഒരു അവസരം വന്നാൽ തിരികെ എത്തി സിംഗള ഗവൺമെന്റിനെ വീഴ്ത്താം എന്നതായിരുന്നു പ്ലാൻ. പ്രഭാകരണ്ണനും കൂട്ടരും മുല്ലൈത്തീവിലേക്ക് നീങ്ങുന്നതായി അറിയിപ്പു വന്നു ബാലചന്ദ്രന്റെ നേതൃത്വത്തിൽ രാജീവനടക്കം ഏഴംഗസംഘം ബോട്ട് മാർഗ്ഗം രാമേശ്വരത്തേക് യാത്ര തിരിച്ചു. കടലിൽ പലപ്പോഴും മരണത്തെ മുഖാമുഖം കണ്ടു. കടലിൽ സൈന്യത്തിന്റെ കണ്ണ് വെട്ടിച്ച് ഇന്ത്യയിലേക്ക് കടക്കുക എന്നത് പ്രയാസകരമായിരുന്നു. ഇന്ത്യൻ നേവിയും LTTEയെ തുടച്ച് നീക്കാൻ സന്നദ്ധമായിരുന്നു. തങ്ങൾ റെഡ്ക്രോസ്സിന്റെ കപ്പലിൽ കയറി തന്ത്രപൂർവ്വം രാമേശ്വരത്തേക്ക് കടന്നു. തമിഴ്നാട്ടിൽ ചില ആളുകളുടെ സഹായത്താൽ ഒളിവിൽ കഴിയുമ്പോഴേക്കും LTTEപൂർണ്ണമായും തകർന്നു. അണ്ണന്റെ മരണവാർത്ത വന്നതോടെ തമിഴ്നാട്ടിൽ നിന്ന് കേരളത്തിലേക്ക് പലായനം ചെയ്തു. എന്നാൽ കേരളത്തിൽ എത്തിയ ബാലചന്ദ്രൻ തോക്ക് ഉപേക്ഷിക്കാൻ തയ്യാറായില്ല. ഭൂരിപക്ഷ സമൂഹത്തിന്റെ ഇംഗിതത്തിന് ഒപ്പം മതം/ പണം നിലകൊള്ളുന്നതെന്തും ഫാസിസ്റ്റ് കേന്ദ്രങ്ങൾ സൃഷ്ടിക്കുന്നെന്ന ചിന്തയിലാണ് മുൻകാലങ്ങളിൽ നിലനിന്ന LTTEയും മാവോയിസ്റ്റ് ഗ്രൂപ്പിന്റെയും ബന്ധത്തിന്റെ പുറത്ത് മാവോയിസ്റ്റ് ഗ്രൂപ്പിലേക്ക് എത്തുന്നത്. അയാൾ കാടിനുള്ളിൽ തന്നെ ജീവിതം മുന്നോട്ട് നീക്കി. അടുത്തകാലത്ത് മ്ലാവിന്റെ ആക്രമണത്തിൽ ബാലചന്ദ്രന്റെ വലത് കാലിന്റെ പെരുവിരലും രണ്ടാമത്തെ വിരലും ഒഴിച്ച് ബാക്കി എല്ലാം നഷ്ടമായി. കാട്ടിൽ നിന്ന് പുറത്ത് വന്ന ബാലചന്ദ്രനെ സഹായിക്കാൻ താൻ ഒപ്പം കൂടി. കാലങ്ങളായി കണക്ക് കൂട്ടിയ ഈഴ സ്വപ്നങ്ങളും, അണ്ണൻ ജീവിച്ചിരിക്കുന്നെന്ന നെടുമാരന്റെ പ്രസ്ഥാവനയും നിലവിൽ നടക്കുന്ന ശ്രീലങ്കയിലെ അഭ്യന്തര പ്രശ്നങ്ങളും രണ്ടാം തമിഴ് ഈഴത്തിനുള്ള ഉചിതമായ സമയമെന്ന് പറഞ്ഞു. തമിഴ്നാട്ടിലെ തിരുച്ചിറപ്പള്ളി സെൻട്രൽ ജയിലിൽ 17 ശ്രീലങ്കൻ തടവുകാർ ജീവനൊടുക്കാൻ ശ്രമിച്ചതും. "ഉയിരില്ലാമെ ഉയിർ താങ്കി തമിളർ അലയുന്നു. " 'നമ്മഗതി' എന്ന് പറഞ്ഞ് അയാൾ കണ്ണുനിറച്ചു. ലോകത്തിന്റെ പല ഭാഗത്തും ഉള്ള LTTE യിൽ ശേഷിച്ചവരെ അയാൾ ഒപ്പം കൂട്ടി ലങ്കയിലേക്ക് തന്നെ മടങ്ങാൻ ആഗ്രഹിച്ചു. ഒരുവൻ ഒരുവനെതന്നെ തിരയുന്നിടത്ത് ഭരണകൂടത്തോടുള്ള അയാളുടെ ചെറുത്ത് നിൽപ്പ് തുടങ്ങുന്നെന്ന് അയാൾ അവസാനമായി കണ്ടപ്പോൾ പറഞ്ഞിരുന്നു. അപ്പോഴും തന്നോട് ശ്രീലങ്കയിലേക്ക് മടങ്ങിവരാൻ അയാൾ ആവശ്യപെട്ടില്ല. തനിക്കും - സുമക്കും ഇടയിലുള്ള തേൻമൊഴിയാണ് കാരണം. DFO ഓഫീസ് ആക്രമിച്ച് ആയുധങ്ങളെടുത്ത് കടൽ മാർഗ്ഗം ലങ്കയിലേക്ക് രക്ഷപ്പെടാനായിരുന്ന് ബാലചന്ദ്രന്റെ ആലോചന. അതിനിടയിലാണ് DFO ഓഫീസിലേക്ക് ജനം ഇരമ്പിയടുത്തത് പദ്ധതികൾ എല്ലാം കീഴ്മേൽ മറിച്ചു. വെണ്ണൂത്തി കവലയിൽ നിന്ന് നടന്നെത്തുമ്പോൾ നാൽവർ സംഘം നന്നായി കിതച്ചിരുന്നു. ക്യൂ ബ്രാഞ്ചന്ന് സ്വയം പരിചയപ്പെടുത്തുന്നതിനൊപ്പം തണുത്ത ലോഹം നടുവിൽ അമർത്തി. തണുപ്പ് കശേരുക്കൾ വഴി തലച്ചോറിലേക്ക് തൊടുത്തു. ജീവിച്ചിരുന്നതിനെ അടയാളപ്പെടുത്താൻ കഴിയാതെ ഓർമ്മകളുടെ കുണ്ടിൽ ചുറ്റിത്തിരിഞ്ഞു. "നീ വായോ രാജീവാ" നാൽവർ സംഘം തോക്കിന്റെ ബാരൽ മുന്നോട് കുത്തി. രാജീവൻ പിന്നിലേക്ക് തിരിഞ്ഞ് നോക്കാതെ നടന്നു. വഴി ഇറങ്ങി, കൃഷിയിടം കഴിഞ്ഞ് മുന്നിലേക്ക് നടന്നു. ഏലത്തിന്റെ ഇലകളിൽ ചോര ചിതറിയ പാടുകൾ. ഏലത്തിന്റെ ചുവട് മാന്തിപ്പൊളിച്ചിരിക്കുന്നു. ഇറച്ചിയുടെ നാര്

**തൂങ്ങിയ *[8]ചരത്തിൽ നിന്ന് രണ്ട് കരിങ്കാ ഒഴിച്ച് ബാക്കി മുഴുവൻ നഷ്ടമായിരിന്നു. തിങ്ങിയ കരച്ചിലുകൾ ചെവിയിലേക്ക് വന്നു പോയി., ബലചന്ദ്രൻ, അയ്യർ, വിക്ടർ, പുലിന്ദ്രൻ , പ്രഭാകരണ്ണൻ, ചാൾസ് ആന്റണി, ബാലചന്ദ്രൻ, ദുവാരക, മതിവതനി, പീറ്റർ, രങ്കമ്മാൾ, ഭാനു. വെടിയൊച്ചക്കിടയിൽ ഒരലർച്ച മാത്രം മുഴങ്ങി വീണ്ടും പഴയതുപോലെയാകാൻ അധിക നേരം വേണ്ടി വരുന്നില്ല. ചിമ്പുകൾക്കിടയിൽ നിന്ന് ഉയർന്നു പാടിയ ഗാനം ചെവിക്കുള്ളില്ലേക്ക് ഇരച്ചു വന്നിട്ട് ഒരു നിമിഷം കൊണ്ട് അവസാനിച്ചു .**

*** [9]പ്ര ഭാഗരൻ എന്നിടും കാവ്യ നായകൻ പോറ്റിടും കൊടിയിതു –**
**തമിഴ് ദേശത്തിന്റെ കൊടിയിതു –**
**ഞങ്ങളുടെ ദേശീയ കൊടിയിതു**
**ഏറുതുപാർ കൊടി ഏറുതുപാർ**

******

- **പാലസ്തീനെ ആക്രമിക്കാൻ ഇസ്രയേൽ ഉപയോഗിക്കുന്ന കര-നാവിക-വ്യോമയാന ആയുധങ്ങൾ.**
- **[1]മെർക്കാവോ - 4/ടാങ്കർ**
- **[2]മാർട്ടിൻ F /35 വ്യോമയാനം**
- **[3] മാഡ്യൂസ് / കര**
- **[4] നിറ്റ്സാച്ചോൺ സാർ 6ക്ലാസ് കോർവെറ്റിന്റെ /നാവിക**
- **[5]വത്തക്ക - പലസ്തീൻ ഐക്യദാർഢ്യത്തിന്റെ അടയാളം.**
- **[6] ചിമ്പ് - തണ്ട്**
- **[7] കരിങ്കാ - പാകമായ ഏലക്കായ**
- **[8] ചരം - കുല**
- **[9] LTTE ദേശീയഗാനം**